**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4810** **02-07-2024 - ൽ മറുപടിയ്ക്ക്**

**അംബേദ്ക്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിൽ അംബേദ്ക്കർ ഗ്രാമം പദ്ധതി പ്രകാരം പ്രവൃത്തി ആരംഭിച്ച എത്ര എസ്.സി. നഗറുകൾ നിലവിലുണ്ട്; പ്രസ്തുത നഗറുകളുടെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | (എ) | ബാലുശ്ശേരി മണ്ഡലത്തിൽ നിന്നും അംബേദ്ക്കർ ഗ്രാമം പദ്ധതിയിലേക്ക് 6 ഗ്രാമങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയ കരിങ്കാളിമ്മൽ നഗറിന്റെ നവീകരണ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. 2019-20 വർഷത്തിൽ ഉൾപ്പെടുത്തിയ നേരാടിമല നഗറിന്റെ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുമുണ്ട്. നെല്ലിക്കുന്ന് നഗറിന്റെ (2020-21) എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്. 2021-22 ൽ തെരഞ്ഞെടുത്തിട്ടുള്ള കോട്ടക്കുന്ന് നഗർ , തീയ്യക്കണ്ടി മീത്തൽ നഗർ എന്നിവയുടെ എസ്റ്റിമേറ്റിലെ ന്യൂനതകൾ പരിഹരിച്ച് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയ രാമയ്യ നഗറിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (ബി) | പ്രവൃത്തി ആരംഭിച്ചിട്ടുള്ളതും എഗ്രിമെന്റ് കാലാവധി അവസാനിച്ചിട്ടും ഇനിയും പ്രവൃത്തി പൂർത്തീകരിക്കാത്തതുമായ എസ്.സി.നഗറുകളുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | തർക്കം നിലനിൽക്കുന്നതിനാൽ എഗ്രിമെന്റ് കാലാവധി അവസാനിച്ചിട്ടും പൂർത്തീകരിക്കാത്ത കോരിങ്കാളിമ്മൽ നഗറിൽ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് നിർമ്മിച്ച ടാങ്കിന്റെ ലീക്കേജ് സംബന്ധിച്ച പരാതി ഏജൻസിയുടെ സ്വന്തം ഉത്തരവാദിത്വത്തിൽ എത്രയും വേഗം ലീക്ക് പ്രൂഫിംഗ് ചെയ്ത് പ്രശ്നം പരിഹരിക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന ഒരു ഫുട്പാത്തിന്റെ പ്രവൃത്തി കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ